"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - കോഴി അറവ് മാലിന്യങ്ങൾ പന്നിഫാമുകളിൽ ശാസ്ത്രീയമായി കൈകാര്യം ചെയ്യുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡബ്ല്യൂ.എം.) വകുപ്പ്

സ.ഉ.(സാധാ) നം.1392/2022/LSGD തീയതി,തിരുവനന്തപുരം, 04-06-2022

---

പരാമർശം:- (1) ഇറച്ചി, മുട്ട ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്ന വിഷയം സംബന്ധിച്ച് 30.09.2021-ന് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം.

(2) ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 26.02.2022-ലെ 2745/C1/2021/SM നമ്പർ കത്ത്.

<u>ഉത്തരവ്</u>

അറവുമാലിന്യങ്ങളുടെ ശാസ്ത്രീയമായ സംസ്കരണ സംവിധാനമായി പരിഗണിക്കാൻ കഴിയുന്നത് റെൻഡറിംഗ് പ്ലാന്റുകളാണ്. ടി പ്ലാന്റുകളിൽ പര്യാപ്തമായ മലിനജല സംസ്കരണ സംവിധാനം, വായുമലിനീകരണ സംവിധാനം, ഖരമാലിന്യ നിർമ്മാർജ്ജന സംവിധാനം തുടങ്ങിയവയും ശാസ്ത്രീയമായ രീതിയിലുള്ള ഗതാഗത സംവിധാനവും ലഭ്യമാണ്. ഫാമുകളിലെ വൃത്തിഹീനമായ സാഹചര്യങ്ങൾ വ്യാധികൾക്ക് ഉറവിടമാകുന്നത് തടയുന്നതിന് പന്നിഫാമുകളിൽ വിപണികളിൽ ലഭ്യമായ തീറ്റ നൽകുന്നതാവും പാരിസ്ഥിതിക പ്രശ്നങ്ങൾ കുറയ്ക്കുന്നതിനു അഭികാമ്യം.

2. പന്നിഫാമുകൾ കോഴി അറവ് മാലിന്യത്തെ അധികം ആശ്രയിക്കാൻ ഇടയാക്കുന്നത് ഹോട്ടലുകൾ ഉല്പാദിപ്പിക്കുന്ന ഭക്ഷണമാലിന്യ പ്രശ്നം രൂക്ഷമാകും. പന്നിഫാമുകൾക്ക് കോഴി അറവ് മാലിന്യം കൊടുക്കുന്നത് മാലിന്യ പ്രശ്നങ്ങൾക്ക് കാരണമാകുകയും ഇത് കൂടുതൽ പരാതികൾക്ക് ഇടയാക്കുന്നതുമാണ്. കോഴി അറവ് മാലിന്യത്തിന്റെ പ്രധാന ഭാഗമായ കോഴികളുടെ തൂവൽ പന്നികൾ ഭക്ഷിക്കാത്തതിനാൽ കോഴി അറവ് മാലിന്യം പന്നിഫാമിൽ എത്തിയാൽ അത് ഫാം പരിസരങ്ങളിൽ വലിയ മാലിന്യ പ്രശ്നമായി മാറും. പന്നി ഫാമുകളിലേക്ക് കോഴി അറവ് മാലിന്യത്തോടൊപ്പം വൻതോതിൽ പ്ലാസ്റ്റിക്ക് മാലിന്യങ്ങളും എത്തിചേരുന്നതായും, ഇത്തരത്തിൽ കടന്നു കൂടുന്ന പ്ലാസ്റ്റിക്ക് മാലിന്യം പല പന്നി ഫാമുകളിലും വലിയ പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. റെന്ററിംഗ് പ്ലാന്റുകൾക്ക് പ്രവർത്തനങ്ങൾക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ

യഥേഷ്ടം ലഭിക്കാത്ത സാഹചര്യത്തിൽ പ്ലാന്റുകൾ അടക്കേണ്ടിവന്നാൽ കോഴി അറവ് മാലിന്യം പൂർണ്ണതോതിൽ സംസ്കരിക്കാൻ സാധിക്കാത്ത സാഹചര്യവും പകർച്ചവ്യാധികൾ പടരാനും സാധ്യതയുണ്ട്.

3. കോഴി അറവ് മാലിന്യങ്ങൾ പന്നിഫാമുകളിൽ ശാസ്ത്രീയമായി കൈകാര്യം ചെയ്യുന്നതിന് ചുവടെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. പ്രത്യേകം ഡിസൈൻ ചെയ്ത വാഹനങ്ങളിലായിരിക്കണം അറവുമാലിന്യങ്ങൾ കൊണ്ടുപോകേണ്ടത്. Stainless steel lining ചെയ്ത് പൂർണ്ണമായും അടച്ച് ശീതീകരിച്ച സംവിധാനം വാഹനങ്ങളിൽ ഉണ്ടായിരിക്കണം. ശീതീകരണ സംവിധാനം ഇല്ലെങ്കിൽ 12 മണിക്കൂറിനുള്ളിൽ ഫാമുകളിൽ എത്തിക്കേണ്ടതാണ്. വാഹനങ്ങളിൽ നിർബന്ധമായും GPS tag ചെയ്യേണ്ടതും uniform color code, label എന്നിവ വേണ്ടതുമാണ്.

ii. വാഹനങ്ങളുടെ കൃത്യമായ റെക്കോർഡ്സ് ഫാമുകളിൽ സൂക്ഷിക്കേണ്ടതാണ്. Break down ഉണ്ടായാൽ അടിയന്തിരമായി മാലിന്യങ്ങൾ ഫാമധികൃതർ നീക്കം ചെയ്യേണ്ടതാണ്. വാഹനങ്ങളുടെ കൃത്യമായ ട്രാക്കിംഗ് സർക്കാർ അംഗീകൃത ഏജൻസികൾ ചെയ്യേണ്ടതാണ്

iii. മാലിന്യങ്ങൾ ഇറക്കുന്ന സ്ഥലം പൂർണ്ണമായും വായു മലിനീകരണമുണ്ടാകാത്ത രീതിയിൽ കെട്ടിമറക്കേണ്ടതാണ്.

iv. ഫാമിൽ ആവശ്യമുള്ളതിലധികം മാലിന്യങ്ങൾ ലഭ്യമായാൽ അവ പൂർണ്ണമായി കെട്ടിയടച്ച ശീതീകരിച്ച മുറിയിൽ സൂക്ഷിക്കേണ്ടതാണ്.

v. ഫാമിന്റെ അതിരിന്റെ 1 മീറ്റർ ചുറ്റളവിൽ odour level Below Detectable Level (BDL) ആയിരിക്കണം. ഫാമിനെതിരെ പരാതികൾ ലഭ്യമാകുന്ന പക്ഷം ലീഗൽ പരിശോധനകൾ നടത്തേണ്ടതാണ്.

vi. ഫാമിന്റെ പരിസരത്ത് പക്ഷി / നായ് / എലി തുടങ്ങിയവയുടെ ശല്യം തടയുന്നതിന് fencing / netting തുടങ്ങിയ ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

vii. മതിയായ രീതിയിലുള്ള മലിനജല സംസ്കരണ സംവിധാനം (Effluent Treatment Plant) ബയോഫിൽറ്റർ പോലുള്ള വായു മലിനീകരണ സംവിധാനങ്ങൾ, ഖര മാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങൾ എന്നിവ നിർബന്ധമായും ഏർപ്പെടുത്തണം.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

സ.ഉ.(സാധാ) നം.1392/2022/LSGD

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്

ഡയറക്ടർ, തദ്ദേശസ്വയംഭരണ (റൂറൽ) വകുപ്പ്

ഡയറക്ടർ, തദ്ദേശസ്വയംഭരണ (അർബൻ) വകുപ്പ്

എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ.

മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ് I)/ (ഓഡിറ്റ് II), കേരള, തിരുവനന്തപുരം.

എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും (തദ്ദേശസ്വയംഭരണ (റൂറൽ) ഡയറക്ടർ മുഖേന)

എല്ലാ കോർപ്പറേഷൻ / മുനിസിപ്പാലിറ്റി സെക്രട്ടറിമാർക്കും (തദ്ദേശസ്വയംഭരണ (അർബൻ) ഡയറക്ടർ മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

മൃഗസംരക്ഷണ (എഫ്) വകുപ്പ്.

ഐ&പി.ആർ. (വെബ് & ന്യൂ മീഡിയ) വകുപ്പ്

ഓഫീസ് കോപ്പ് / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

**Signed by Sherin J Titus**
**Date: 06-06-2022 11:02:35**
സെക്ഷൻ ഓഫീസർ

പകർപ്പ് :- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്